# സമരപഥങ്ങളിൽ ആവേശമായി സോളിഡാരിറ്റി എറണാകുളം ജില്ലാ സമ്മേളനം

**പെരുമ്പാവൂർ:** സാമ്രാജ്യത്വവും വർഗീയതയും നാണയത്തിന്റെ ഇരുപുറങ്ങളാണെന്ന് പത്രപ്രവർത്തകനും പ്രമുഖ ഡോക്യുമെന്ററി സംവിധായകനുമായ ശുഭ്രദീപ് ചക്രവർത്തി അഭിപ്രായപ്പെട്ടു. പെരുമ്പാവൂരിൽ നടന്ന സോളിഡാരിറ്റി എറണാകുളം ജില്ലാ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സാമ്രാജ്യത്വദല്ലാളന്മാർ ഇന്ത്യയിൽ സജീവമാണെന്ന് അദ്ദേഹം പറഞ്ഞു. കീഴാളരിൽനിന്ന് അധികാരം പിടിച്ചെടുക്കാൻ മഹാരാഷ്ട്രയിലെ ചിത്പുവൻ ബ്രാഹ്മണർ രൂപം നൽകിയ സംഘടനയാണ് ആർ.എസ്.എസ്. ഗുജറാത്തിൽ ഇതേ കീഴാളവർഗത്തെ അവർ ആയുധമാക്കി. കേരളത്തിൽ അധഃസ്ഥിത വർഗരാഷ്ട്രീയത്തിനും ജനപക്ഷവികസനത്തിനും സോളിഡാരിറ്റി നൽകുന്ന പ്രാധാന്യം അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

പൊതുസമ്മേളനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിനെതിരെ എൻ.എസ്.എസ് കോടതിയെ സമീപിച്ചപ്പോൾ സാമുദായിക ധ്രുവീകരണത്തെക്കുറിച്ച് നിശ്ശബ്ദത പാലിച്ച രാഷ്ട്രീയ നേതാക്കൾ, റിവ്യു പെറ്റീഷൻ നൽകിയാൽ ധ്രുവീകരണമുണ്ടാകുമെന്ന് പറയുന്നതിലെ യുക്തി എന്താണെന്ന് അദ്ദേഹം ചോദിച്ചു. ഇന്ത്യയിൽ ന്യൂനപക്ഷ അധഃസ്ഥിത പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ എങ്ങനെ ഹനിച്ച് നേട്ടമുണ്ടാക്കാമെന്ന് ചിന്തിക്കുന്നവരാണ് ഇതിന് പിന്നിൽ. ക്രീമിലെയർ വ്യവസ്ഥ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നത് ഒരിക്കലും സമുദായ ധ്രുവീകരണമുണ്ടാക്കില്ല. എന്നാൽ ക്രീമിലെയർ വ്യവസ്ഥയിലൂടെ ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങൾക്ക് നഷ്ടപ്പെടുന്ന അവസരങ്ങൾ സ്വന്തമാക്കലാണ് ക്രീമിലെയർ ആവശ്യപ്പെടുന്നവരുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ജനങ്ങളുടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്ന വികസനം ഭ്രാന്തമായ കാഴ്ചപ്പാടാണെന്ന് അധ്യക്ഷത വഹിച്ച സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം പറഞ്ഞു. തീവ്രവാദത്തിനെതിരെ പ്രതി തീവ്രവാദവുമായി രംഗത്തുവരുന്നവർ സാമ്രാജ്യത്വത്തിന്റെ ചട്ടുകമായി മാറുകയാണ്. സാമ്രാജ്യത്വത്തിനെതിരെ സമാനമനസ്കരുമായി യോജിച്ച പോരാട്ടത്തിന് സോളിഡാരിറ്റി തയാറാണെന്നും അദ്ദേഹം പറഞ്ഞു.

ഐ.പി.എച്ച് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരകുന്ന്, സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് കെ.ബി അബ്ദുല്ല പ്രസംഗിച്ചു. സോളിഡാരിറ്റി പബ്ലിക് റിലേഷൻ സെക്രട്ടറി എം. സാജിദ് ശുഭ്രദീപ് ചക്രവർത്തിയുടെ പ്രസംഗം പരിഭാഷപ്പെടുത്തി. എറണാകുളം മദീനാമസ്ജിദ് ഇമാം ബശീർ മുഹ്‌യിദ്ദീൻ ഖിറാഅത്ത് നടത്തി. ജില്ലാ പ്രസിഡന്റ് കെ.കെ. സലീം സ്വാഗതവും സമ്മേളന ജനറൽ കൺവീനർ എം.എച്ച് അബ്ദുർറഹീം നന്ദിയും പറഞ്ഞു.

പൊതുസമ്മേളനത്തിന് മുന്നോടിയായി നടന്ന പ്രകടനം പെരുമ്പാവൂർ നഗരത്തിന് വ്യത്യസ്ത അനുഭവമായി. സാമൂഹിക അസമത്വത്തിനെതിരെ ശക്തമായ പ്രതികരണമായി നീങ്ങിയ പ്രകടനത്തിലെ നിശ്ചല-ചലന ദൃശ്യങ്ങൾ അധികാര വർഗത്തിനെതിരായ പൊള്ളുന്ന ശരങ്ങളായി. സമ്മേളന നഗരിയായ പെരുമ്പാവൂരിലേക്ക് ഉച്ചമുതൽ നാടിന്റെ നാനാഭാഗങ്ങളിൽനിന്നും യുവജനങ്ങൾ ഒഴുകിയെത്തുകയായിരുന്നു. നീതിനിഷേധത്തിനെതിരായ ജനവികാരം നെഞ്ചേറ്റിയ പുതിയൊരു തലമുറയുടെ ചെറുത്തുനിൽപു കൂടിയായി പ്രകടനം.

ഒന്നാം മൈൽ പെരിയാർവാലി ഗ്രൗണ്ടിൽനിന്നും ആരംഭിച്ച റാലി അച്ചടക്കവും ഗൗരവവും കൊണ്ട് നാടിന്റെ മനംകവർന്നു. ആദിവാസികളുടെ നൊമ്പരവും ദൈന്യതയും ചിത്രീകരിച്ച നിശ്ചലദൃശ്യം ചിന്തോദ്ദീപകമായിരുന്നു.

എ.ഡി.ബി വായ്പാ പ്രശ്നത്തിൽ ഭരണം മാറിയപ്പോൾ യാങ്കിത്തൊപ്പിക്ക് മുമ്പിൽ പഞ്ചപുഛമടക്കി നിൽക്കുന്ന വിപ്ലവസംഘടനയുടെ പൊള്ളത്തരം അനാവരണം ചെയ്യുന്ന ഫ്ളോട്ടും ശ്രദ്ധേയമായി. പത്തു വർഷമായി വിചാരണത്തടവുകാരനായി കഴിയുന്ന മഅ്ദനി റാലിയിലെ മുഖ്യ ശ്രദ്ധാകേന്ദ്രമായി. രാസമാലിന്യം ചവച്ചുതുപ്പിയ പെരിയാറും സാമ്രാജ്യത്വത്തെ വരവേൽക്കുന്ന മൻമോഹൻസിംഗും ഫ്ളോട്ടുകളിൽ വിഷയമായി. നഗരഗതാഗതത്തിന് വിഘ്നം വരുത്താതെ 150 പേർ വീതമടങ്ങുന്ന സംഘങ്ങളായാണ് പ്രകടനം നീങ്ങിയത്. ജില്ലാ പ്രസിഡന്റ് കെ.കെ സലീം, സെക്രട്ടറി സുഹൈൽ ഹാശിം, പബ്ലിക് റിലേഷൻ സെക്രട്ടറി കെ.കെ ബശീർ, ജനറൽ കൺവീനർ എം.എച്ച് അബ്ദുർറഹീം, സംസ്ഥാന പ്രവർത്തക സമിതിയംഗം കെ.എ ഫൈസൽ, ജില്ലാ സമിതിയംഗങ്ങൾ നേതൃത്വം നൽകി.

## ആവേശം ഉയർത്തിയ സമര സമ്മേളനങ്ങൾ

2006 നവംബർ 24-ന് എറണാകുളം മണപ്പാട്ടിപറമ്പിൽ സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽഹമീദ് വാണിയമ്പലം സമ്മേളന പ്രഖ്യാപനം നടത്തിയതോടെയാണ് സമ്മേളന പരിപാടികൾക്ക് തുടക്കമായത്.

ജില്ലയിലെ വിവിധ പദ്ധതികൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ നിലവിലുള്ള അവസ്ഥകൾ വിലയിരുത്തുന്നതിന് പഠന സർവേ സംഘടിപ്പിക്കുകയും ചെയ്തു.

2006 ഡിസംബർ 25-ന് പൂയംകുട്ടി വനാന്തരങ്ങളിൽ അധിവസിക്കുന്ന ആദിവാസികളോടൊത്ത് സഹവസിക്കാനും ഐക്യദാർഢ്യം പ്രഖ്യാപിക്കാനും നൂറുകണക്കിന് പ്രവർത്തകർ കുഞ്ചിപ്പാറക്കുടിയിലെത്തി. അന്നദാനവും കലാപ്രകടനങ്ങളും ആദിവാസികളുടെ പ്രശ്നങ്ങൾ പുറംലോകത്തോട് വിളിച്ചുപറയുന്ന ഡോക്യുമെന്ററി പ്രദർശനവും അരിവിതരണവും ആദിവാസി സഹോദരങ്ങൾക്ക് പുത്തൻ അനുഭവമായി.

മലിനീകരണത്തിനെതിരെ സമരം നടക്കുന്ന കരിമുകൾ മേഖലയിലേക്കാണ് പിന്നീട് സോളിഡാരിറ്റി കടന്നുചെന്നത്. കാർബൺ ഫാക്ടറി പുറന്തള്ളുന്ന വിഷപ്പുക ശ്വസിച്ച് ജീവിച്ചുകൊണ്ടിരിക്കുന്ന കരിമുകൾ നിവാസികൾക്കൊപ്പം തുടക്കം മുതൽതന്നെ പ്രസ്ഥാനത്തിന്റെ സാന്നിധ്യമുണ്ട്. 'പരിസ്ഥിതിയുടെ നിലനിൽപ്പിന്' എന്ന തലക്കെട്ടിൽ കരിമുകളിൽ നടത്തിയ സമരസംഗമം ഏറെ ശ്രദ്ധേയമായി. കൊച്ചി നഗരത്തിലെ മാലിന്യങ്ങൾ ബ്രഹ്മപുരം മേഖലയിൽ നിക്ഷേപിക്കാനുള്ള നീക്കത്തിനെതിരെയുള്ള സമരപ്രഖ്യാപനം കൂടിയായി സംഗമം മാറി. വിവിധ സമരനായകർ പങ്കെടുത്ത സംഗമം എം.എം മോനായി എം.എൽ.എ ഉദ്ഘാടനം ചെയ്തു.

അമ്പതു ലക്ഷത്തിലേറെ ജനങ്ങളുടെ ദാഹശമനിയായ പെരിയാറിന്റെ രോദനം ജനഹൃദയങ്ങളിലേക്കെത്തിക്കുന്നതിനും സമൂഹമനസ്സാക്ഷിയെ തൊട്ടുണർത്തുന്നതിനുമായി ആലുവ നഗരത്തിൽ സംഘടിപ്പിച്ച പ്രതിരോധ സായാഹ്നം സമ്മേളന പ്രോഗ്രാമുകളിൽ ഏറെ ജനശ്രദ്ധയാകർഷിക്കുന്നതായിരുന്നു. പ്രസിദ്ധ സാഹിത്യകാരൻ സി. രാധാകൃഷ്ണൻ, കേരളത്തിലെ വിവിധ നദീസംരക്ഷണ പ്രവർത്തകർ, സോളിഡാരിറ്റി സംസ്ഥാന പ്രവർത്തക സമിതിയംഗം ഖാലിദ് മൂസ തുടങ്ങിയവർ സംബന്ധിച്ചു. രാവിലെ മുതൽ നടന്ന, പെരിയാർ മലിനീകരണത്തിന്റെ ദുരന്ത മുഖങ്ങൾ ചിത്രീകരിക്കുന്ന ഫോട്ടോ പ്രദർശനം ആയിരങ്ങളെ ആകർഷിച്ചു. ആലുവ എം.എൽ.എ എ.എം യൂസുഫ് ഉദ്ഘാടനം ചെയ്തു. എറണാകുളത്ത് നടത്തിയ അഭിഭാഷക സംവാദം പുതിയ കാൽവെപ്പായിരുന്നു. അഡ്വ. കെ. രാംകുമാർ ഉൾപ്പെടെ പ്രമുഖ അഭിഭാഷകർ പങ്കെടുത്ത സംഗമം നീതിന്യായ മേഖലയിലെ അഴിമതിയും നീതിനിഷേധങ്ങളും വെളിച്ചത്തുകൊണ്ടുവരുന്നതായിരുന്നു.

എറണാകുളം ജില്ലയിലെ തീരദേശ മേഖലയിലെ ജനങ്ങളുടെ സങ്കടങ്ങളറിയാനും അവ അധികാരികൾക്കു മുമ്പിൽ സമർപ്പിക്കുന്നതിനുമായി സംഘടിപ്പിച്ച തീരദേശയാത്രയായിരുന്നു സമ്മേളന പ്രോഗ്രാമുകളിലെ അവസാന ഇനം. ചെല്ലാനം മുതൽ മുനമ്പം വരെ രണ്ടു ദിവസങ്ങളിലായാണ് യാത്ര നടത്തിയത്. ജില്ലാ സമിതിയംഗങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ഈ യാത്രയിലൂടെ തീരദേശവാസികൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ കഴിഞ്ഞു.